ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 09.12.2024

## പ്രധാനവാർത്തകൾ

1. ഭരണ-പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെന്റിന്റെ ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

2. ആയുഷ്മാൻ വയ വന്ദൻ പദ്ധതിയിൽ കഴിഞ്ഞ രണ്ട് മാസത്തിനുള്ളിൽ 25 ലക്ഷം പേർ അംഗങ്ങളായതായി കേന്ദ്രസർക്കാർ.

3. വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ സാമ്പത്തിക സഹായം ആവശ്യപ്പെട്ടുള്ള നിവേദനം കേന്ദ്രത്തിന് കൈമാറാൻ സംസ്ഥാനം വൈകിയിരുന്നില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

4. കരുതലും കൈത്താങ്ങും താലൂക്ക് തല പരാതി പരിഹാര അദാലത്തിന് സംസ്ഥാനത്ത് തുടക്കമായി.

5. 2023 ലെ ജെ.സി ഡാനിയേൽ പുരസ്കാരം പ്രശസ്ത സംവിധായകൻ ഷാജി എൻ.കരുണിന്.

6. 63-ാമത് സംസ്ഥാന സ്കൂൾ കലോത്സവം ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരത്ത് നടക്കും.

***********************************

PNU TVPM

## പാർലമെൻറ്

ഭരണ-പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറിൻറെ ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു. പ്രതിഷേധത്തെ തുടർന്ന് മൂന്ന് തവണ നിർത്തിവച്ച സഭാനടപടികൾ മൂന്ന് മണിക്ക് പുനരാരംഭിച്ചെങ്കിലും ബഹളം തുടർന്നതിനാൽ ഇന്നത്തേക്ക് പിരിയുകയായിരുന്നു. ലോക്സഭയിൽ രാവിലെ സഭാ നടപടികൾ ആരംഭിച്ചപ്പോൾ തന്നെ വിവിധ വിഷയങ്ങൾ ഉന്നയിച്ച് കോൺഗ്രസ്, ഡിഎംകെ ഉൾപ്പെടെയുള്ള പ്രതിപക്ഷ കക്ഷികൾ പ്രതിഷേധം തുടങ്ങി. ചോദ്യോത്തര വേള തുടരാൻ കഴിയാത്ത സാഹചര്യത്തിൽ സഭാനടപടികൾ സ്പീക്കർ നിർത്തിവച്ചു. രാജ്യസഭയിലും സമാനമായ പ്രതിഷേധമാണ് ഉണ്ടായത്. ജോർജ് സോറോസ് വിവാദത്തിൽ കേന്ദ്രമന്ത്രിമാർ ഉൾപ്പെടെയുള്ള ഭരണകക്ഷി അംഗങ്ങളും, പ്രതിപക്ഷ നേതാക്കളും ആരോപണ-പ്രത്യാരോപണവുമായി രംഗത്ത് വന്നതോടെ സഭ പ്രക്ഷുബ്ധമാവുകയായിരുന്നു.

RNU TVPM

*********************************

## വയ വന്ദന പദ്ധതി

ആയുഷ്മാൻ വയ വന്ദൻ പദ്ധതിയിൽ കഴിഞ്ഞ രണ്ട് മാസത്തിനുള്ളിൽ ചേർന്നവരുടെ എണ്ണം 25 ലക്ഷത്തിലെത്തിയതായി കേന്ദ്രസർക്കാർ. 22,000 ത്തിലധികം മുതിർന്ന പൗരൻമാർക്ക് 40 കോടിയിലധികം രൂപയുടെ ചികിത്സയാണ് പദ്ധതിയിലൂടെ ലഭ്യമാക്കിയത്. 70 വയസും അതിൽ കൂടുതലും പ്രായമുള്ള എല്ലാ മുതിർന്ന പൗരന്മാർക്കും ആരോഗ്യ പരിരക്ഷാ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന ആയുഷ്മാൻ വയ വന്ദന ഒക്ടോബറിലാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ചത്.

*********************************

മുഖ്യമന്ത്രി - ഇൻട്രോ

അടുത്ത വർഷം മാർച്ച് 30 ഓടെ കേരളം സമ്പൂർണ്ണ ശുചിത്വ പ്രഖ്യാപനം നടത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതികളുടെ യോഗത്തിന് ശേഷം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 2025 നവംബറിനുള്ളിൽ സംസ്ഥാനത്തെ അതിദാരിദ്ര്യ മുക്തമായി പ്രഖ്യാപിക്കുമെന്നു മുഖ്യമന്ത്രി അറിയിച്ചു.

(voice - cm)

*********************************

മുഖ്യമന്ത്രി വയനാട്

മുണ്ടക്കൈ, ചൂരൽമല ദുരന്തത്തിൽ കേന്ദ്രം പ്രത്യേക സാമ്പത്തിക സഹായ പാക്കേജ് പ്രഖ്യാപിക്കാത്തതിന് കാരണം, സംസ്ഥാനം വിശദ റിപ്പോർട്ട് സമർപ്പിക്കാൻ വൈകിയതാണെന്ന കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ പ്രസ്താവന വസ്തുതാ വിരുദ്ധമാണെന്നും മുഖ്യമന്ത്രി വാർത്താ സമ്മേളനത്തിൽ പ്രതികരിച്ചു. ഓഗസ്റ്റ് 17 ന് തന്നെ 1,202 കോടി രൂപയുടെ പ്രാഥമിക സഹായം ആവശ്യപ്പെടുന്ന നിവേദനം സംസ്ഥാന സർക്കാർ കേന്ദ്രത്തിന് നൽകിയതായും അദ്ദേഹം പറഞ്ഞു. ഇതിന് പുറമേയാണ് നവംബർ 13 ന് വിശദമായ റിപ്പോർട്ട് കേന്ദ്രത്തിന് കൈമാറിയത്. സംസ്ഥാന ദുരന്ത നിവാരണ നിധിയിലുള്ള തുക വയനാട് ദുരന്തം നേരിടാൻ അപര്യാപ്തമാണെന്നും ശ്രീ പിണറായി വിജയൻ വ്യക്തമാക്കി. വിഴിഞ്ഞം തുറമുഖത്തിൻറെ വയബലിറ്റി ഗ്യാപ് ഫണ്ട് സംസ്ഥാനം തിരിച്ചടയ്ക്കണമെന്ന കേന്ദ്ര നിർദ്ദേശം മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണെന്നും അദ്ദേഹം വിമർശിച്ചു.

*********************************

RNU TVPM

## കേരള അദാലത്ത്

പരാതികളുമായെത്തുന്ന ജനങ്ങളോട് ഉദ്യോഗസ്ഥരുടെ മോശം സമീപനം സർക്കാർ അംഗീകരിക്കില്ലെന്നും അത്തരം സംഭവങ്ങളിൽ കർക്കശ നടപടി സ്വീകരിക്കുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. സാധാരണക്കാരുടെ പരാതികൾ പരിഹരിക്കേണ്ടത് ഉദ്യോഗസ്ഥരുടെ കടമയാണെന്നും പ്രശ്ന പരിഹാരം ജനങ്ങളുടെ അവകാശമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. കരുതലും കൈത്താങ്ങും താലൂക്ക് തല പരാതി പരിഹാര അദാലത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുക യായിരുന്നു അദ്ദേഹം. കണ്ണൂർ, കോഴിക്കോട്, പത്തനംതിട്ട, കോട്ടയം ജില്ലകളിലും ഇന്ന് അദാലത്തിന് തുടക്കമായി.

*********************************

## വി ശിവൻകുട്ടി - ഇൻട്രോ

63-ാമത് സംസ്ഥാന സ്കൂൾ കലോത്സവം ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരത്തെ 29 വേദികളിലായി നടക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി. കലോത്സവ ലോഗോ പ്രകാശനം ചെയ്ത ശേഷം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗോത്രനൃത്ത വിഭാഗങ്ങൾ ഇത്തവണത്തെ കലോത്സവത്തിൻറെ പ്രത്യേകതയാണെന്നും മന്ത്രി പറഞ്ഞു.

(VOICE)

*********************************

## ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്ത് 31 തദ്ദേശ വാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് നാളെ. മലപ്പുറം ജില്ലാ പഞ്ചായത്തിലെ തൃക്കലങ്ങോട് വാർഡ് ഉൾപ്പെടെ പതിനൊന്ന് ജില്ലകളിലായി നാല് ബ്ലോക്ക് പഞ്ചായത്ത് വാർഡുകൾ, മൂന്ന് മുനിസിപ്പാലിറ്റി വാർഡുകൾ,

RNU TVPM

23 ഗ്രാമപഞ്ചായത്ത് വാർഡുകൾ എന്നിവിടങ്ങളിലാണ് ഉപതിരഞ്ഞെടുപ്പ്. വോട്ട് ചെയ്യുന്നവരുടെ ഇടത് കൈയ്യിലെ നടുവിരലിലായിരിക്കും മായാത്ത മഷി പുരട്ടുക. വോട്ടെണ്ണൽ മറ്റന്നാൾ രാവിലെ 10 മണിക്ക് നടക്കും.

*********************************

## മനുഷ്യാവകാശ ദിനം

ഡിസംബർ 10 മനുഷ്യാവകാശ ദിനത്തോടനുബന്ധിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷൻ നാളെ ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ രാഷ്ട്രപതി ദ്രൗപതി മുർമു പങ്കെടുക്കും. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന മനുഷ്യാവകാശ ദിനാഘോഷം മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്യും. മുൻ സുപ്രീംകോടതി ജഡ്ജി ജസ്റ്റിസ് കെ എം ജോസഫ് ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തും. മനുഷ്യാവകാശ ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മനുഷ്യാവകാശ പ്രതിജ്ഞ എടുക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചു.

RIUTVPM

*********************************

## ജെ.സി ഡാനിയേൽ പുരസ്കാരം

സംസ്ഥാന സർക്കാരിന്റെ പരമോന്നത ചലച്ചിത്ര അംഗീകാരമായ 2023 ലെ ജെ.സി ഡാനിയേൽ പുരസ്കാരം പ്രശസ്ത സംവിധായകൻ ഷാജി എൻ.കരുണിന്. അഞ്ചു ലക്ഷം രൂപയും പ്രശസ്തിപത്രവും ശിൽപ്പവും അടങ്ങുന്നതാണ് പുരസ്കാരം. അന്തർദേശീയ തലത്തിൽ മലയാള സിനിമയ്ക്ക് നേടിക്കൊടുത്ത അഭിമാനകരമായ നേട്ടങ്ങൾ പരിഗണിച്ചാണ് പുരസ്കാരം നൽകുന്നത്.

*********************************

ആർ ബി ഐ ഗവർണർ

റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ പുതിയ ഗവർണറായി സഞ്ജയ് മൽഹോത്രയെ നിയമിച്ചു. മൂന്ന് വർഷത്തേക്കാണ് നിയമനം. നിലവിൽ കേന്ദ്ര റെവന്യു സെക്രട്ടറിയായ അദ്ദേഹം ബുധനാഴ്ച ചുമതലയേൽക്കും.

*********************************

വയനാട് - ശ്രുതി

വയനാട് ഉരുൾപൊട്ടലിൽ ഉറ്റവരെയും, വാഹനാപകടത്തിൽ പ്രതിശ്രുത വരനെയും നഷ്ടപ്പെട്ട ശ്രുതി ഇന്ന് സർക്കാർ സർവ്വീസിൽ പ്രവേശിച്ചു. റവന്യൂ വകുപ്പിലെ ക്ലർക്ക് ആയാണ് ശ്രുതിക്ക് നിയമനം ലഭിച്ചത്. ഒപ്പം നിന്ന എല്ലാവർക്കും നന്ദി അറിയിക്കുന്നതായി ശ്രുതി പറഞ്ഞു.

RNU TVPM

*********************************

കാപ്പി-ഇടുക്കി (ഇൻട്രോ)

അനുദിനം നാണ്യവിളകൾക്ക് വിലത്തകർച്ച നേരിടുമ്പോഴും പാനീയ വിളയായ കാപ്പിയ്ക്ക് വില ഉയരുന്നത് കർഷകർക്ക് ആശ്വാസമാകുന്നു. മലയോര മേഖലയിൽ കാപ്പിക്കുരു വിളവെടുപ്പ് ആരംഭിച്ച സമയത്താണ് വിലയിലുള്ള കുതിപ്പ്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....**

(വോയ്സ്)

*********************************

തീപിടുത്തം

പാലക്കാട് കല്ലടിക്കോട് ഫർണിച്ചർ കടക്ക് തീപിടിച്ച് വൻ നാശനഷ്ടം. ബൈക്കുകൾ അടക്കം നിരവധി വാഹനങ്ങൾ കത്തി

നശിച്ചു. അഗ്നിശമന സേന സ്ഥലത്തെത്തി തീ നിയന്ത്രണ വിധേയമാക്കി.

*********************************

## കെ.എസ്.ഇ.ബി - മുന്നറിയിപ്പ്

ക്രിസ്തുമസ്, നവവത്സര ആഘോഷങ്ങളുടെ ഭാഗമായി നക്ഷത്ര വിളക്കുകൾ സ്ഥാപിക്കുമ്പോഴും ദീപാലങ്കാരം നടത്തുമ്പോഴും ജാഗ്രത പുലർത്തണമെന്ന് കെ.എസ്.ഇ.ബി. അടുത്തിടെ നിരവധി അപകടങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് റിപ്പോർട്ട് ചെയ്യുത്. വലിയ നക്ഷത്ര വിളക്കുകൾ സ്ഥാപിക്കുമ്പോൾ വൈദ്യുതി ലൈനിൽ നിന്നും മതിയായ അകലം പാലിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കണം. ഗുണനിലവാരമുള്ള വയറുകളും അനുബന്ധ ഉപകരണങ്ങളും മാത്രം ഉപയോഗിക്കണമെന്നും മുൻകരുതൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും കെ.എസ്.ഇ.ബി അറിയിച്ചു.

RNU TVPM

*********************************

## കുഴഞ്ഞു വീണു മരിച്ചു

സംസ്ഥാനത്തെ വൈദ്യുതി ചാർജ്ജ് വില വർദ്ധനയ്ക്കെതിരെ തൊടുപുഴയിലെ കെ.എസ്.ഇ.ബി ഓഫീസിന് മുന്നിൽ നടത്തിയ പ്രതിഷേധ മാർച്ചിനിടെ ഒരാൾ കുഴഞ്ഞ് വീണ് മരിച്ചു. കേരള കോൺഗ്രസ് ജോസഫ് വിഭാഗം സംസ്ഥാന കമ്മിറ്റി അംഗം എം.കെ ചന്ദ്രനാണ് മരിച്ചത്.

*********************************

## അപ്രന്റിസ് ഷിപ് മേള - കൊല്ലം

കൊല്ലം ചന്ദനത്തോപ്പ് ഗവൺമെൻ്റ് ഐ.ടി.ഐ. യിൽ സംഘടിപ്പിച്ച പ്രധാനമന്ത്രി ദേശീയ അപ്രൻ്റിസ്ഷിപ് മേളയിൽ 200 -ലധികം ഉദ്യോഗാർത്ഥികൾ പങ്കെടുത്തു. PWD റോഡ്സ് ഡിവിഷൻ, KSEB ഉൾപ്പെടെ പൊതു-സ്വകാര്യമേഖലകളിൽ നിന്നുള്ള

പതിനഞ്ചോളം സ്ഥാപനങ്ങൾ അവസരദാതാക്കളായെത്തി. പ്രതിമാസം ചുരുങ്ങിയത് 7,000 രൂപ സ്റ്റൈപന്റോടെ തൊഴിൽ പരിശീലനം നേടാൻ അവസരമൊരുക്കുന്ന താണ് ഈ പദ്ധതി.

*********************************

## ഓഹരി + സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 200 പോയിന്റ് നഷ്ടത്തിൽ 81,508 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 59 പോയിന്റ് ഇടിഞ്ഞ് 24,619 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണ വിലയിൽ വർധന. പവന് 120 രൂപ കൂടി 57,040 രൂപയും ഗ്രാമിന് 15 രൂപ വർധിച്ച് 7,130 രൂപയുമാണ് ഇന്നത്തെ വില.

*********************************

RNU TVPM

## കേരള ഫിലിം മാർക്കറ്റ്

29-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയോടെ ഡെലിഗേറ്റ് സെല്ലിൻറെയും, ഡെലിഗേറ്റ് പാസ്സ് വിതരണത്തിൻറെയും ഉദ്ഘാടനം മന്ത്രി സജി ചെറിയാൻ നാളെ ടാഗോർ തിയേറ്ററിൽ നിർവഹിക്കും. ചലിച്ചിത്ര താരങ്ങളായ മഹിമാ നമ്പ്യാരും ഷറഫുദ്ദീനും പാസ്സ് ഏറ്റുവാങ്ങും. കേരള ഫിലിം മാർക്കറ്റ് രണ്ടാം പതിപ്പിൻറെ ഉദ്ഘാടനം മന്ത്രി മറ്റെന്നാൾ രാവിലെ കലാഭവൻ തിയേറ്ററിൽ നിർവഹിക്കും.

**************************************************************************
*********************************